Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

# GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം മുനിസിപ്പാലിറ്റി -കോട്ടപ്പടി സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-2013-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി ചട്ടം 3 (C) പ്രകാരം ക്രമവൽക്കരിച്ച് ഉത്തരവ് --പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (സാധാ.) നം.2471/2013/തസ്വഭവ തീയതി, തിരുവനന്തപുരം 5.10.2013

---

പരാമർശം:- 1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഒ പി നമ്പർ 431/12-ന്റെ 17.4.12-ലെ ഉത്തരവ്

2) മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ 16.8.12-ലെ M D S C 53/10, 7.8.2013-ലെ M D S C 491/13 നമ്പർ കത്തുകൾ

3) 01.02.2013-ലെ GO(MS) 45/13/ തസ്വഭവ നമ്പർ വിജ്ഞാപനം

4) 22.06.13-ലെ 20380/ആർ ബി3/13 തസ്വഭവ നമ്പർ കത്ത്

5) ചീഫ് ടൗൺ പ്ലാനറുടെ 26.8.13-ലെ സി1-11017/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ പൊതു ആവശ്യത്തിനായി മലപ്പുറം നഗരസഭാ അതിർത്തിയിൽ നിർമ്മിച്ച കോട്ടപ്പടി സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ലക്സ് ക്രമവൽക്കരിച്ചു നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. റവന്യൂ വകുപ്പ് പാട്ടത്തിനു നൽകിയ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിലെ റീ സ 462/9 സി യിൽപ്പെട്ട 2.79 ഏക്കർ സ്ഥലത്താണ് സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടത്തിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണത്തിൽ കെട്ടിട നിർമ്മാണ ചട്ടലംഘനങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ നിർമ്മാണത്തിന് എതിരെ മലപ്പുറം നഗരസഭ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ

പരാമർശം ഒന്നു പ്രകാരമുള്ള ബഹു: ഓംബുഡ്സ്മാൻെറ ഉത്തരവിൽ സർക്കാരിൻെറ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയ സാഹചര്യത്തിൽ സർക്കാർ പണം പാഴാക്കാതെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ ടൗൺ പ്ലാനർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ലംഘനങ്ങളിൽ, സ്പോർട്സ് കൗൺസിലിന് പരിഹരിക്കുവാൻ കഴിയുന്നവ പരിഹരിച്ച് നൽകിയതായി കൗൺസിൽ അറിയിച്ചിട്ടുണ്ട്.

3. 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്-ൻെറ പരാമർശം മൂന്നു പ്രകാരമുള്ള ഭേദഗതി ചട്ടം 3 (സി) പ്രകാരം പൊതു ആവശ്യത്തിനായി സർക്കാരോ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപനങ്ങളോ നിർമ്മിച്ച നിർമ്മാണങ്ങൾക്ക് ചീഫ് ടൗൺ പ്ലാനറുമായി കൂടി ആലോചിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയുടെ വെളിച്ചത്തിൽ സർക്കാർ ഫണ്ടുപയോഗിച്ചും സർക്കാർ പ്രതിനിധികളാലും ഭരണം നടത്തുന്ന മലപ്പുറം സ്പോർട്സ് കൗൺസിൽ സർക്കാർ പാട്ട വ്യവസ്ഥയിൽ കൈമാറിയ ഭൂമിയിൽ സർക്കാർ സഹായത്തോടെ നിർമ്മാണം നടത്തിയ കോട്ടപ്പടി സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ളക്സ് ക്രമ വൽക്കരിക്കുവാൻ കഴിയുമോയെന്നു പരിശോധിക്കുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ചീഫ് ടൗൺ പ്ലാനറോട് അഭിപ്രായം ആരാഞ്ഞപ്പോൾ പരാമർശ നിർമ്മാണത്തിൻെറ പടിഞ്ഞാറു ഭാഗത്തുള്ള ഗോൾ പോസ്റ്റിനു പുറകിലെ 2 bay blank wall പൊളിച്ചു കളഞ്ഞ് Rolling shutter/ Collapsible gate സ്ഥാപിക്കുന്ന പക്ഷം ഒരു അടിയന്തര ഘട്ടത്തിൽ . പുറത്തിറങ്ങുന്നതിനുള്ള വഴിയായി ഉപയോഗിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് -ൻെറ പരാമർശം മൂന്നു പ്രകാരമുള്ള ഭേദഗതിയിലെ ചട്ടം 3 (സി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പൊതു ആവശ്യത്തിനായി സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ സർക്കാർ സഹായത്തോടെ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ നിർമ്മിച്ച കോട്ടപ്പടി സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ളക്സ്, "സ്റ്റേഡിയത്തിൻെറ പടിഞ്ഞാറുഭാഗത്തുള്ള ഗോൾ

പോസ്റ്റിനു പുറകിലെ 2 **bay blank wall** പൊളിച്ചു കളഞ്ഞ് **Rolling shutter/ Collapsible gate** സ്ഥാപിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി" ക്രമവൽക്കരിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മലപ്പുറം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. രാജൻ ഖൊബ്രഗഡെ
ഗവൺമെൻറ് സെക്രട്ടറി

1) സെക്രട്ടറി, മലപ്പുറം മുനിസിപ്പാലിറ്റി, മലപ്പുറം.
2) ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം
3) ജില്ലാ ടൗൺ പ്ളാനർ, മലപ്പുറം
4) സെക്രട്ടറി, മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ , മലപ്പുറം.
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ തിരുവനന്തപുരം
6) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ